**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1756

16.03.2015 ലെ
മറുപടിയ്ക്ക്

# ന്യൂനപക്ഷ വിഭാഗ ക്ഷേമ പദ്ധതി

**ചോദ്യം**

ശ്രീ. ടി. വി. രാജേഷ്

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി)

**ചോദ്യം (എ)** ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനത്തിനുള്ള പദ്ധതിയിൽ സംസ്ഥാനത്ത് എത്ര തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

**ഉത്തരം (എ)** ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി ഏതെങ്കിലും പ്രത്യേക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടില്ല. എന്നാൽ 12–ാം പദ്ധതിയിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി.) തെരഞ്ഞെടുക്കപ്പെട്ട ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളിലും (MCB) ന്യൂനപക്ഷ കേന്ദ്രീകൃത ടൗണുകളിലുമാണ് നടപ്പാക്കുന്നത്. ഈ പദ്ധതിയിൽ സംസ്ഥാനത്ത് വയനാട് ജില്ലയിലെ 4 ബ്ലോക്കുകളും (കല്പറ്റ, പനമരം, സുൽത്താൻബത്തേരി, മാനന്തവാടി) മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണുമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ പദ്ധതികൾ ന്യൂനപക്ഷക്ഷേമ വകുപ്പ് നേരിട്ടും അതത് ജില്ലാ കളക്ടറേറ്റ് മുഖേനെയുമാണ് നടപ്പിലാക്കി വരുന്നത്. പുനരാവിഷ്കൃത എം.എസ്.ഡി.പി. പ്രകാരം ടി പദ്ധതി തെരഞ്ഞെടുക്കപ്പെട്ട ന്യൂനപക്ഷ കേന്ദ്രീകൃത വില്ലേജ് ക്ലസ്റ്ററുകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നുണ്ട്.

**ചോദ്യം (ബി)** കണ്ണൂർ ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

**ചോദ്യം (സി)** പഞ്ചായത്തുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

**ചോദ്യം (ഡി)** പദ്ധതി പ്രകാരം ഏതെല്ലാം മേഖലകളിലാണ് ധനസഹായം അനുവദിക്കുന്നത്;

**ചോദ്യം (ഇ)** തെരഞ്ഞെടുത്ത പഞ്ചായത്തുകളുടെ സി.പി.ആർ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള പ്രവർത്തന പുരോഗതിയുടെ വിശദാംശം നൽകുമോ?

**ഉത്തരം (ബി), (സി), (ഡി), & (ഇ)** ബാധകമല്ല

സെക്ഷൻ ഓഫീസർ